# അദ്ധ്യായം - 8



*മനുഷ്യജന്മത്തിന്റെ പ്രാധാന്യം - സായിബാബ ഭിക്ഷ യാചിക്കുന്നു - ബായാജബായിയുടെ സേവനം - സായിബാബയുടെ ആവാസം - കുഷൻചന്ദിനോടുള്ള ബാബയുടെ സ്നേഹം.*

## മനുഷ്യജന്മത്തിന്റെ പ്രാധാന്യം

ഈ ബ്രഹ്മാണ്ഡത്തിൽ ദൈവം കോടാനുകോടി ജീവജാലങ്ങളെ സൃഷ്ടിച്ചു സ്വർഗ്ഗം, നരകം, ഭൂമി, സമുദ്രം, ആകാശം മുതലായ സ്ഥലങ്ങളിൽ അധിവസിപ്പിച്ചു. അതിൽ ദേവന്മാരും ദേവതുല്യരും മനുഷ്യൻ, മൃഗം, കൃമി ആദിയായവയും ഉൾപ്പെടുന്നു. ഇവയിൽ പുണ്യാത്മാക്കളാകുന്ന ജീവജാലങ്ങൾ സ്വർഗ്ഗത്തിലെത്തുന്നു. പുണ്യം തീരുന്നതുവരെഅവിടെ നിർത്തി വീണ്ടും ജനിപ്പിക്കുന്നു. പാപം ചെയ്തവർ നരകത്തിൽപോയി പാപഫലം തീരുന്നതുവരെ ദണ്ഡനമനുഭവിക്കുന്നു. പാപപുണ്യങ്ങൾ സമനിലിയിൽ നിൽക്കുമ്പോൾ ഭൂമിയിൽ മനുഷ്യനായി ജനിക്കുന്നു. അത് മോക്ഷത്തിലേക്കു വേണ്ടി അദ്ധ്വാനിക്കാൻ അവസരം കൊടുക്കലാണ്. അങ്ങിനെ പുണ്യബന്ധങ്ങൾ മുറി

ഞ്ഞുപോകുമ്പോൾ മോക്ഷസിദ്ധി കൈവരുന്നു. ആത്മാക്കൾക്ക് പുനർജന്മം കർമ്മഫലത്തിന്നനുസരിച്ചിരിക്കും.

## മനുഷ്യശരീരത്തിനുള്ള പ്രത്യേക വില

എല്ലാ ജീവജാലങ്ങൾക്കും ഭക്ഷണം, നിദ്ര, ഭയം, ലൈംഗീകബന്ധം എന്നീ നാലു കാര്യങ്ങൾ പൊതുവിലുള്ളതാണ്. മനുഷ്യന് ഇതിനു പുറമെ ജ്ഞാനം എന്ന ഒരു പ്രത്യേക ഗുണംകൂടിയുണ്ട്. അതുകൊണ്ട് ദൈവതത്വം, മനുഷ്യജന്മത്തിന് മാത്രം അറിയാൻ കഴിയുന്നു. അതുകാരണമാണ് ദേവന്മാർ മനുഷ്യരിൽ അസൂയാലുക്കളായി, പൂർണ്ണത പ്രാപിക്കാൻ മനുഷ്യജന്മം ആർജ്ജിക്കുന്നത്. ചിലർ പറയും, അഴുക്ക്, കഫം മുതലായത് നിറഞ്ഞ് നാശോന്മുഖമായും രോഗം, മരണം ഇവക്ക് വിധേയമായും ഇരിക്കുന്ന മനുഷ്യശരീരത്തെക്കാൾ മോശം മറ്റൊന്നില്ലെന്ന്. ഏറെക്കുറെ ഇത് ശരിയാണെങ്കിലും, ഇതെല്ലാമായാലും അതിന്റെ പ്രത്യേകവില മനുഷ്യന് ജ്ഞാനം സമ്പാദിക്കുവാൻ കഴിയുന്നു എന്നും ആ ജ്ഞാനംകൊണ്ടാണ് ദേഹം ക്ഷണികവും നാശോന്മുഖവുമാണെന്ന് ബോദ്ധ്യം വന്ന് വിരക്തിയുണ്ടായി സത്യമിത്ഥ്യാ വിവേചനം ചെയ്തു ദൈവസങ്കൽപം ഉണ്ടാക്കാൻ സാദ്ധ്യാമാവുന്നത് എന്നുമാണ്.അപ്പോൾ ശരീരം വൃത്തികെട്ടതെന്ന് പറഞ്ഞുതള്ളിയാൽ പരബ്രഹ്മജ്ഞാനത്തിന് സാദ്ധ്യത നഷ്ടപ്പെടുകയും ശരീരംതന്നെ എല്ലാമെന്ന് വെച്ച് അതിനെ താലോലിച്ച് സുഖേച്ഛുവായാൽ നരകത്തിൽപോക്കും ഫലവത്തായിത്തീരുന്നു. ശരിയായ മാർഗ്ഗം ശരീരത്തെ അവഗണിക്കയുമരുത് താലോലിക്കയുമരുത് എന്നതാണ്. ഒരു യാത്രക്കാരൻ പ്രാപ്യസ്ഥാനത്തെത്തി മടങ്ങിവരാൻ താൻ യാത്ര ചെയ്യുന്ന കുതിരയെ എങ്ങിനെ ശ്രദ്ധിക്കുന്നുവോ അപ്രകാരം ശരീരത്തെയും കരുതി രക്ഷിക്കേണ്ടതാണ്. അത് പൂർണ്ണതയും ആത്മജ്ഞാനവും സമ്പാദിയ്ക്കുവാനുള്ള യാത്രയിലേയ്ക്കുള്ള കുതിര എന്ന

പോലെ കരുതിയാൽ മതി.
ദൈവസൃഷ്ടികൾ പലതിന്നും ദൈവത്തിന്റെ പ്രവർത്തിയെ മനസ്സിലാക്കാൻ കഴിയില്ല. അപ്പോൾ പ്രത്യേകതരം സൃഷ്ടിയായി മനുഷ്യനെ സൃഷ്ടിച്ചു വിവേകം കൊടുത്തു. മനുഷ്യൻ കാര്യം മനസ്സിലാക്കി ദൈവപ്രഭാവം അഭിനന്ദിച്ചപ്പോൾ ദൈവം തൃപ്തിപ്പെട്ടു. അപ്പോൾ മനുഷ്യജന്മം സിദ്ധിക്കലോ പ്രധാനകാര്യം തന്നെ, അതിൽ ബ്രാഹ്മണനാവുന്നത് അതിലും പ്രധാനം, അതിലും പ്രധാനമാണ് സായിബാബയുടെ പാദാരവിന്ദങ്ങളിൽ ആത്മാർപ്പണം ചെയ്യാൻ കഴിയുന്നത്.

## മനുഷ്യൻ അദ്ധ്വാനിക്കേണ്ടും വിധം

ജീവിതം ക്ഷണികമെന്നും മരണം ഏതുസമയവും വരാവുന്നതാണെന്നും മനസ്സിലാക്കി ജന്മം എടുത്തു ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി ഒട്ടും താമസിക്കാതെ പ്രവൃത്തി ഏറ്റെടുക്കുക. അതിന്നുള്ള വെമ്പൽ വിഭാര്യൻ പുനർവിവാഹത്തിന്നും, പുത്രന്ഷ്ടനായ രാജാവ് സർവ്വത്ര പുത്രനെ തിരയുന്നതിലും കാണിക്കുന്നതരം തിടുക്കം കൂട്ടലിന്നും വെമ്പലിന്നും സമാനമാവട്ടെ. മടിയും അജ്ഞാനവും ഉപേക്ഷിച്ച് സദാസമയം ആത്മ ചിന്തയിൽ ലയിക്കുക. അതിനു കഴിയാത്ത ജീവിതം മൃഗതുല്യമാണ്.

### മുന്നോട്ടുപോകേണ്ടും വിധം

ആത്മജ്ഞാനിയായ ഒരു സദ്ഗുരുവെ സമീപിക്കലാണ് ഏറ്റവും അനുയോജ്യവും വേഗതയുള്ളതുമായ വഴി. മതപരമായ പ്രസംഗങ്ങൾ കേട്ടും ഗ്രന്ഥം പഠിച്ചും കിട്ടുന്നതിൽനിന്നും എത്രയോ പതിന്മടങ്ങ് ഇത്തരം മഹാത്മാക്കളുടെ സംസർഗ്ഗത്തിൽ നിന്ന് ലഭിക്കും. മുഴുവൻ നക്ഷത്രസമൂഹങ്ങളും തരുന്ന വെളിച്ചത്തിന്റെ എത്രയോ അധികം വെളിച്ചം ഒരേ ഒരു സൂര്യ




നിൽനിന്ന് കിട്ടുംപോലെയാണ് സദ്ഗുരുവിൽനിന്ന് കിട്ടുന്ന ജ്ഞാനം. പുസ്തകങ്ങളിൽ നിന്ന് കിട്ടുന്ന ജ്ഞാനവുമായി താരതമ്യപ്പെടുത്തുമ്പോൾ, അദ്ദേഹത്തിന്റെ ചലനങ്ങളും ലളിതസംഭാഷണവും നമുക്ക് പുണ്യമായ ഉപദേശം തരുന്നു. അത്തരം സംസർഗ്ഗംകൊണ്ട് ക്ഷമ, ശാന്തി, നിസ്സംഗത്വം, ദാനം, ദയ, മനസ്ഥൈര്യം, അഹംഭാവമില്ലാതാക്കൽ മുതലായവ ശിഷ്യൻ ശീലിക്കുന്നു. അങ്ങിനെ ആദ്ധ്യാത്മിക മാർഗ്ഗം തെളിഞ്ഞു കാണുന്നു. സമസ്തചരാചരങ്ങളിലും ദൈവത്വം ദർശിക്കുന്നു. ഭാഗ്യങ്ങളിൽ അയാൾക്ക് താൽപര്യമില്ല. നിർഭാഗ്യത്തിൽ പരിഭ്രമവുമില്ല. രാജാവും യാചകനും ഒരുപോലെയാണയാൾക്ക്. ഒറ്റ നോട്ടംകൊണ്ട് യാചകനെ രാജാവാക്കാൻ കഴിഞ്ഞിരുന്ന ഒരു മഹാത്മാവ് ഷിർദ്ദിയിൽ യാചിച്ചിരുന്ന വിധം നമുക്ക് നോക്കാം.

## ബാബ ഭക്ഷണത്തിന് യാചിക്കുന്നു.

മോളെ! എന്തെങ്കിലും തിന്നാൻ തരൂ. എന്ന് സായിബാബ വീടിന്റെ മുന്നിൽ വന്ന് നിന്ന് ഭിക്ഷയാചിച്ച്, ഭിക്ഷ കയ് നീട്ടി സ്വീകരിക്കാൻ ഭാഗ്യം സിദ്ധിച്ച ഷിർദ്ദിയിലെ വീട്ടുകാർ അനുഗ്രഹീതരായിരുന്നു. ഒരു കയ്യിൽ ഒരു തകരപാത്രവും മറ്റെകയ്യിൽ ചതുര രൂപത്തിലുള്ള ഒരു തുണിക്കഷണവും ഉണ്ടായിരിക്കും. നിത്യവും ചില വീടുകളുടെ വാതിൽക്കൽ ചെന്ന് യാചിക്കും. ദ്രാവകരൂപത്തിലും കൊഴുപ്പുള്ളതുമായ എന്തും അതായത് സൂപ്പ്, പച്ചക്കറിക്കൂട്ടാൻ, പാല്, തൈര് മുതലായത് എല്ലാം തകരപാത്രത്തിലും, ചോറ്, റൊട്ടി, ചപ്പാത്തി മുതലായ ദ്രവരൂപമല്ലാത്തതെല്ലാം തുണിക്കഷണത്തിലും വാങ്ങും. ജിഹ്വാചാപല്യം വിജയിച്ച ബാബക്ക് സ്വാദ് ഒരു പ്രശ്നമല്ല. പിന്നീടാ തകരപാത്രത്തിലെയും തുണിക്കഷണത്തിലെയും സാധനങ്ങൾ കൂട്ടികലർത്തും, അത് ബാബ മതിയാവോളം കഴിക്കും. ഒരു സാധനം

സ്വാദുള്ളതോ അല്ലാത്തതോ എന്നൊന്നും ബാബ ഗൗനിക്കാറില്ല. ബാബ ഉച്ചവരെ യാചിക്കുമെങ്കിലും അതിന് സമയനിഷ്ഠ യൊന്നുമില്ലായിരുന്നു. ചിലപ്പോൾ കുറച്ച് ചുറ്റിനടക്കും. ചില പ്പോൾ ഉച്ചക്ക് 12 മണിവരെ യാചിക്കും. ഇങ്ങിനെകിട്ടുന്ന ഭക്ഷണം ഒരു മൺപാത്രത്തിലിടും നായ്ക്കളും പൂച്ചകളും കാക്ക കളും ഒരു ഭാഗത്ത് നിന്ന് തിന്നുണ്ടാവും. ബാബ അവയെ ഒരി ക്കലും ആട്ടിപായ്ക്കില്ല. മസ്ജിദ് അടിച്ചു വാരുന്ന സ്ത്രീ പത്ത് പന്ത്രണ്ട് റൊട്ടിക്കഷ്ണങ്ങൾ വീട്ടിലേക്ക് കൊണ്ടു പോവും. ആരും അവളെ തടയില്ല. സ്വപ്നത്തിൽപോലും നായ പൂച്ച മുത ലായവയോടു പരുത്തുസംസാരിക്കാത്ത ബാബയ്ക്കെങ്ങിനെ നിസ്സഹായർക്ക് ഭക്ഷണം നിഷേധിക്കാൻ കഴിയും? ഷിർദ്ദിയി ലുള്ളവർ ആദ്യം ബാബ ഒരു ഭ്രാന്തനായ ഫക്കീരാണെന്ന് ധരി ച്ചു. ഗ്രാമത്തിൽ ഭ്രാന്തൻഫക്കീർ എന്നപേരിൽ ബാബ അറിയ പ്പെട്ടു. ഒരു ഭിക്ഷാംദേഹിയായി ജീവിക്കുന്ന ആ സന്യാസിയെ ആരാണ് ബഹുമാനിക്കുക? പക്ഷെ ഈ ഫക്കീർ വളരെ ദയാ ലുവും ദാനശീലനുമായിരുന്നു. ആ ചുറ്റുപാടിലും. ആ ഗ്രാമ ത്തിൽ അന്നും ബാബയുടെ മഹത്വം മനസ്സിലാക്കിയവരുണ്ടാ യിരുന്നു. ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

**ബായാജബായിയുടെ നിസ്തുല സേവനം**

താത്ത്യാകോട്ടെയുടെ അമ്മ ബായാജബായി ഉച്ചക്ക് ഒരു കൊട്ടയിൽ ചപ്പാത്തിയും കറിയുമായി കാട്ടിൽ മുഴുവൻ ബാബയെ തിരഞ്ഞു നടന്നിരുന്നു. അവർ കാട്ടിൽ നാഴികളോളം തിരഞ്ഞുനടന്ന് മുള്ളും കല്ലും ചവുട്ടി ഭ്രാന്തൻ ഫക്കീറിനെ കണ്ടു പിടിച്ച് കാൽക്കൽ നമസ്ക്കരിക്കും. ഫക്കീർ ശാന്തനായി ധ്യാന നിരതനായി ഇരിക്കുന്നുണ്ടാവും. അവർ ഒരിലവെച്ച് ഭക്ഷണം

അതിൽ വിളമ്പും. എന്നിട്ട് ബലമായി ബാബയെ തീറ്റും. അവരുടെ വിശ്വാസവും സേവനവും വിസ്മയാവഹമായിരുന്നു. എല്ലാദിവസവും അവർ കാടുമുഴുവൻ ഇങ്ങിനെ ബാബയെ തിരഞ്ഞുപിടിച്ച് തീറ്റും. അവരുടെ ഉപസനയോ, തപസ്സോ, സേവനമോ എന്തായാലും അത് ബാബ ഒരിക്കലും മറന്നില്ല. അവരെ ഓർത്ത് അവരുടെ മകന് ബാബ ഗംഭീരമായ നേട്ടങ്ങൾ കൊടുത്തു. അമ്മക്കും മകനും ഫക്കീർ ദൈവമായിരുന്നു. ബാബ അവരോട് പറയും. സന്യാസം പ്രഭുത്വമാണ് അതു ശ്വാശ്വതമാണ്, സാധാരണക്കാരൻ മനസ്സിലാക്കുന്ന പ്രഭുത്വം ക്ഷണികമാണ്. കുറെക്കാലം കഴിഞ്ഞ് ബാബ കാട്ടിൽ പോക്കു നിറുത്തി. പിന്നെ ഭക്ഷണം കഴിക്കൽ മസ്ജിദിൽ വെച്ചാക്കി. അതോടു കൂടി ബായാജാബായിക്ക് കാട്ടിൽ അലഞ്ഞു നടക്കേണ്ട ബുദ്ധിമുട്ടും തീർന്നു.

## മൂന്നുപേരുടെ ആവാസം

ഭഗവാൻ വാസുദേവൻ കുടികൊള്ളുന്ന ഋഷിമാർ പുണ്യാത്മാക്കളും അവരുടെ സംസർഗ്ഗം ലഭിച്ചവർ ഭാഗ്യവാന്മാരുമാണ്. അങ്ങിനെ രണ്ടു പേർ അതായത്, താത്ത്യാകോട്ടെപാേലും ഭഗത്മഹൽസാപതിയും സദാ സമയവും സായിബാബയുടെ കൂട്ടാളികളായി അനുഗൃഹീതരായി. ബാബ രണ്ടുപേരെയും ഒരുപോലെ സ്നേഹിച്ചു. ഇവർ മൂന്നുപേരും മസ്ജിദിൽ കിഴക്കോട്ടും പടിഞ്ഞാറോട്ടും വടക്കോട്ടും തലവെച്ചും കാലടികൾ അന്യോന്യം തൊട്ടുകൊണ്ടും രാത്രി കിടക്കും. വിരിപ്പുകൾ വിരിച്ച് അവരങ്ങിനെ അർദ്ധരാത്രിവരെ കളിതമാശകൾ പറഞ്ഞു കിടക്കും. ആർക്കെങ്കിലും ഉറക്കം വന്നാൽ മറ്റു രണ്ടുപേർകൂടി ഉണർത്തും, ഉദാഹരണത്തിന് താത്ത്യാക്ക് ഉറക്കം വന്നാൽ ബാബ അയാളെ അങ്ങോട്ടും ഇങ്ങോട്ടും ഇളക്കി തല പിടിച്ചമർത്തി ഉണർത്തും. അല്ലെങ്കിൽ മഹൽസാപതി കാലിൽതട്ടി,

മേൽതട്ടി ഉണർത്തും. ആ കാലം എന്തുമാത്രം സന്തുഷ്ഠവും അവിസ്മരണീയവുമായിരുന്നു! ബാബയുടെ ആ പ്രേമവും കാരുണ്യവും ആർക്കാണ് അളക്കാൻ കഴിയുക. അച്ഛൻ മരിച്ചതിൽ പിന്നെ താത്ത്യ വീട്ടുകാര്യമെറ്റെടുത്ത് വീട്ടിൽതന്നെ കിടക്കാൻ തുടങ്ങി.

## റഹടയിലെ കുഷൻചന്ദ്

ബാബക്ക് ഷിർദ്ദിയിലെ ഗണപത്കോട്ടെ പഠേലിനെ വളരെ ഇഷ്ടമായിരുന്നു. അതുപോലെതന്നെ ബാബ റഹടയിലെ ചന്ദ്രഭാനുഷേട്ടുവേയും സ്നേഹിച്ചു. അയാളുടെ മരുമകൻ കുഷൻചന്ദിനെ അതിൽ കൂടുതൽ സ്നേഹിക്കുകയും അയാളുടെ ക്ഷേമത്തിൽ എപ്പോഴും ശ്രദ്ധിക്കുകയും ചെയ്തു. ചിലപ്പോൾ കാളവണ്ടിയിലോ ചിലപ്പോൾ ടോങ്കയിലോ മറ്റു ചിലരോടൊപ്പം ബാബ ഇടക്കിടക്ക് അവിടെ പോകും. അവിടത്തുകാർ ഗ്രാമാതിർത്തിയിൽ വാദ്യഘോഷത്തോടുകൂടി വന്ന് ബാബയെ എതിരേറ്റ് നമസ്ക്കരിക്കും. ഗ്രാമത്തിൽ എഴുന്നള്ളിപ്പായികൊണ്ടുപോവും. പിന്നെ കുഷൻചന്ദ് ബാബയെ വീട്ടിലേക്ക് കൊണ്ടുപോവും. ഉപചരിച്ചിരുത്തി സദ്യയൂട്ടും. പിന്നീട് സ്വതന്ത്രമായും സന്തോഷമായും കുറച്ച് സംസാരിക്കും. പിന്നീട് ബാബ എല്ലാവർക്കും ആനന്ദവും അനുഗ്രഹവും നൽകി ഷിർദ്ദിയിലേക്കു മടങ്ങും.

ഷിർദ്ദി തെക്ക് റഹടക്കും വടക്ക് നമഗോവണിനും മദ്ധ്യത്തിലാണ്. ബാബഈ രണ്ടു സ്ഥലങ്ങൾക്കപ്പുറം പോയിട്ടില്ല. ബാബ തീവണ്ടി കാണുകയോ കയറുകയോ ചെയ്തിട്ടില്ല. എങ്കിലും വണ്ടികളുടെ സമയവിവരം കൃത്യമായി ബാബക്കറിയാം. ഭക്തന്മാർ ബാബയുടെ നിർദ്ദേശാനുസരണം മടങ്ങിപ്പോവുമ്പോൾ യാതൊരു വിഷമവും അനുഭവിക്കില്ല. അതനുസരിക്കാത്തവർക്ക് കഷ്ടപ്പാടും അപകടവും നേരിടും. ഇവയെ സംബന്ധിച്ച് അടുത്ത അദ്ധ്യായത്തിൽ വിവരിക്കാം.

ശ്രീ സായിയെ നമിക്കുവിൻ – ലോകശാന്തി ഭവിക്കട്ടെ !